ഐസിഐസിഐ പ്രു
# ക്യാഷ്ബാക്ക്
ലിങ്ക്ഡ് അല്ലാത്ത ലൈഫ് ഇൻഷുറൻസ് പ്ലാൻ



# ഇടവേളകളിൽ പണലഭ്യത ഉറപ്പുവരുത്തുന്ന ഒരു ഇൻഷുറൻസ് പ്ലാൻ ?

*ജീവിതത്തിന്റെ വഴിത്താരയിൽ നിങ്ങൾ ഉറ്റു നോക്കുന്ന ചില സുപ്രധാന നാഴിക കല്ലുകൾ ഉണ്ട്. അത് നിങ്ങളുടെ കുടുംബത്തിൽ ഒരു കുഞ്ഞിന്റെ പിറവി ആകാം, കുട്ടികളുടെ വിദ്യാഭ്യാസമാകാം, അല്ലെങ്കിൽ നിങ്ങൾക്ക് ഒരു സ്വപ്നഭവനം വാങ്ങാൻ സാധിക്കുന്നതാകാം. ഇവയെല്ലാം തന്നെ വമ്പിച്ച സാമ്പത്തിക ബാദ്ധ്യതകൾ ഉൾക്കൊള്ളുന്നവയാണ്. നിങ്ങളുടെ ജീവിതവുമായി ബന്ധപ്പെട്ട് എന്തെങ്കിലും ദൗർഭാഗ്യകരമായ സംഭവം ഉണ്ടാകുന്നതിനെതിരെ കുടുംബത്തിന് മതിയായ സാമ്പത്തിക സംരക്ഷണം നൽകുക മാത്രമല്ല, ഈ സുപ്രധാന നാഴികകല്ലുകളിൽ ഉണ്ടാകുന്ന സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുവാൻ നിങ്ങൾക്ക് പണലഭ്യത ഒരുക്കുക കൂടി ചെയ്യുന്ന ഒരു ഇൻഷുറൻസ് പ്ലാൻ ആണ് നിങ്ങൾക്ക് ആവശ്യം. ഇത് മനസ്സിൽ വച്ചുകൊണ്ട് ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ് നിങ്ങൾക്കായി കൊണ്ടുവരുന്നു **ഐസിഐസിഐ പ്രു ക്യാഷ്ബാക്ക്** - പരിരക്ഷ, സമ്പാദ്യം, പണലഭ്യത എന്നീമൂന്ന് ആനുകുല്യങ്ങൾ ഒന്നിച്ചൊരുക്കുന്ന ഒരു പ്ലാൻ.*

## എന്താണ് ഐസിഐസിഐ പ്രു ക്യാഷ്ബാക്ക്?

15 അല്ലെങ്കിൽ 20 വർഷത്തെ നിശ്ചിതമായ കാലയളവുള്ള (ഫിക്സഡ് ടേം) ഒരു പോളിസിയാണ് ഐസിഐസിഐ പ്രൂ ക്യാഷ്ബാക്ക്. പോളിസിയുടെ കാലയളവിൽ മുഴുവൻ നിങ്ങൾ പ്രീമിയം അടയ്ക്കണം. നിശ്ചിത ഇടവേളകളിൽ സർവൈവൽ ബെനിഫിറ്റ് പേയ്മെന്റ്സ് (അതിജീവിന ആനുകൂല്യം) തിരികെ നൽകികൊണ്ട് ഈ പോളിസി നിങ്ങൾക്ക് പണലഭ്യതയുടെ സൗകര്യം നൽകുന്നു. ആദ്യത്തെ 4 വർഷത്തേയ്ക്ക് 3.5% നിരക്കിൽ (വ്യവസ്ഥകൾ ബാധകം) വാർഷിക കൂട്ടുപലിശ ക്രമത്തിൽ കൂടി വരുന്ന ഗാരന്റീഡ് അഡിഷൻസ്, നിക്ഷിപ്തമായ ബോണസ്സ് എന്നിവ സഹിതം മുഴുവൻ അഷ്വറൻസ് തുകയും മരണം സംഭവിക്കുമ്പോൾ, അതുവരെ നൽകിയ സർവൈവൽ ആനുകൂല്യങ്ങൾ കണക്കിലെടുക്കാതെ നൽകപ്പെടുന്നു.

## ഐസിഐസിഐ പ്രു ക്യാഷ്ബാക്ക് ഒറ്റ നോട്ടത്തിൽ

| | |
|---|---|
| ചേരാവുന്ന കുറഞ്ഞ/കൂടിയ പ്രായം | 16 - 55 വയസ്സ് |
| കാലാവധി എത്തുമ്പോൾ കുറഞ്ഞ/കൂടിയ പ്രായം | 31/70 വയസ്സ് |
| പോളിസി കാലം | 15 - 20 വർഷം |
| കുറഞ്ഞ/കൂടിയ പ്രീമിയം | ₹ 6000 പ്ര. വ. / പരിധിയില്ല |
| കുറഞ്ഞ/കൂടിയ അഷ്വറൻസ് തുക | കുറഞ്ഞത് ₹ 75,000 / പരിധിയില്ല |
| പ്രീമിയം അടവു രീതി | വാർഷികം/ അർദ്ധ വാർഷികം/ പ്രതിമാസം |

## ഐസിഐസിഐ പ്രു ക്യാഷ്ബാക്ക് എങ്ങനെ പ്രവർത്തിക്കുന്നു ?

താഴെ പറയുന്ന പട്ടിക പ്രകാരം ആയിരിക്കും സർവൈവൽ (അതിജീവന) ആനുകൂല്യങ്ങൾ നൽകപ്പെടുന്നത്. ഇൻഷൂർ ചെയ്ത വ്യക്തിക്ക് മരണം സംഭവിച്ചാൽ, അതിനകം നൽകിക്കഴിഞ്ഞ സർവൈവൽ ആനുകൂല്യങ്ങൾ കണക്കിലെടുക്കാതെ ഗുണഭേക്താവിന് ഗാരന്റി ചെയ്ത ബോണസ്സുകൾ (വ്യവസ്ഥകൾ ബാധകം*), നിക്ഷിപ്തമായ ബോണസ്സുകൾ എന്നിവ സഹിതം മുഴുവൻ അഷ്വറൻസ് തുകയും തിരികെ നൽകുന്നതണ്.

| പോളിസി കാലയളവ് | 15 വർഷം | പോളിസി കാലയളവ് | 20 വർഷം |
|---|---|---|---|
| വർഷത്തിന്റെ അവസാനം | സർവൈവൽ പേയ്മെന്റ് (അടിസ്ഥാന അഷ്വറൻസ് തുകയുടെ % ആയി) | വർഷത്തിന്റെ അവസാനം | സർവൈവൽ പേയ്മെന്റ് (അടിസ്ഥാന അഷ്വറൻസ് തുകയുടെ % ആയി) |
| 3 | 10% | 4 | 10% |
| 6 | 15% | 8 | 15% |
| 9 | 20% | 12 | 20% |
| 12 | 25% | 16 | 25% |
| 15 (കാലാവധി എത്തുമ്പോൾ) | 50% ഗാരന്റീഡ് അഡിഷൻസ്, പ്ലസ്സ് നിക്ഷിപ്തമായ ബോണസ്സുകൾ (വ്യവസ്ഥകൾ ബാധകം*) | 20 (കാലാവധി എത്തുമ്പോൾ) | 50% ഗാരന്റീഡ് അഡിഷൻസ്, പ്ലസ്സ നിക്ഷിപ്തമായ ബോണസ്സുകൾ (വ്യവസ്ഥകൾ ബാധകം*) |

## ഉദാഹരണം

**അഷ്വറൻസ് തുക :** ₹ 1,00,000 **ചേരുമ്പോൾ പ്രായം :** 30 വയസ്സ് **ടേം :** 15 വർഷം **വാർഷിക പ്രീമിയം :** ₹ 9,263

| **ഗാരന്റി ചെയ്യുന്ന സർവൈവൽ ആനുകൂല്യങ്ങൾ - നിർദ്ദിഷ്ട കാലയളവിന്റെ അവസാനം നൽകുന്നു** (വ്യവസ്ഥകൾ ബാധകം*) | |
|---|---|
| 3 വർഷം | ₹ 10,000 |
| 6 വർഷം | ₹ 15,000 |
| 9 വർഷം | ₹ 20,000 |
| 12 വർഷം | ₹ 25,000 |

| **ആനുകൂല്യങ്ങൾ** | **അനുമാനിച്ചിട്ടുള്ള പ്രതിഫല നിരക്ക്** | |
|---|---|---|
| | @ 6% പ്ര.വ. | @ 10% പ്ര.വ. |
| ഗ്യാരന്റി ചെയ്യുന്ന അഷ്വറൻസ് തുക (50%) (വ്യവസ്ഥകൾ ബാധകം*) | ₹ 50,000 | ₹ 50,000 |
| സഞ്ചിത ഗാരന്റീഡ് അഡിഷൻ (വ്യവസ്ഥകൾ ബാധകം*) | ₹ 14,752 | ₹ 14,752 |
| മതിപ്പിട്ടിട്ടുള്ള സഞ്ചിത ബോണസ്സ് (വ്യവസ്ഥകൾ ബാധകം) | ₹ 20,420 | ₹ 61,904 |
| കാലാവധി എത്തുമ്പോൾ അനുമാനിച്ചിട്ടുള്ള മൊത്തം തുക | ₹ 85,172 | ₹ 1,26,656 |

*ആരോഗ്യമുള്ള ഒരു പുരുഷന്റെതാണ് ഈ ഉദാഹരണം. മുകളിൽ നൽകിയിട്ടുള്ള ഉദാഹരണത്തിൽ ചില ആനുകൂല്യങ്ങൾ ഗ്യാരണ്ടി ചെയ്യപ്പെട്ടവയും ചില ആനുകൂല്യങ്ങൾ കമ്പനിയുടെ ഭാവി പ്രവർത്തന ഫലങ്ങളെ അടിസ്ഥാനമാക്കിയ പ്രതിഫലങ്ങൾക്ക് അനുസരിച്ച് വ്യത്യാസപ്പെടുന്നവയുമാണ്. നിങ്ങളുടെ പോളിസി ഗ്യാരണ്ടിയുള്ള പ്രതിഫലങ്ങൾ നൽകുന്നുണ്ടെങ്കിൽ ഈ പേജിലുള്ള ഉദാഹരണത്തിന്റെ പട്ടികയിൽ അവ ഗ്യാരന്റീഡ് എന്ന് വ്യക്തമായി കാണിച്ചിരിക്കും. നിങ്ങളുടെ പോളിസി വ്യത്യാസം വരാവുന്ന പ്രതിഫലമാണ് നൽകുന്നതെങ്കിൽ ഈ പേജിലുള്ള ഉദാഹരണത്തിൽ ഭാവി നിക്ഷേപ പ്രതിഫലങ്ങളുടെ അനുമാനിച്ചിട്ടുള്ള രണ്ടു വ്യത്യസ്ത നിരക്കുകൾ കാണിക്കും. അനുമാനിച്ചിട്ടുള്ള ഈ പ്രതിഫല നിരക്കുകൾ ഗ്യാരണ്ടി ചെയ്യപ്പെട്ടവയല്ല. നിങ്ങളുടെ പോളിസിയുടെ മൂല്യം ഭാവിയിലെ നിക്ഷേപ പ്രവർത്തനങ്ങളുടെ ഫലം ഉൾപ്പെടെ വിവിധ ഘടകങ്ങളെ ആശ്രയിച്ച് ഇരിക്കുന്നതുകൊണ്ട് ഈ പ്രതിഫലങ്ങൾ നിങ്ങൾക്ക് തിരികെ കിട്ടാവുന്നതിന്റെ ഉപരിപരിധിയോ താഴ്ന്ന പരിധിയോ അല്ല. ആദ്യത്തെ 4 വർഷം അഷ്വറൻസ് തുകയുടെ ః 3.5% നിരക്കിൽ വാർഷിക കൂട്ടുപലിശ ക്രമത്തിൽ കൂടിവരുന്ന വാർഷിക ഗാരന്റീഡ് അഡിഷൻസ്, അഞ്ചാമത്തേ വർഷം മുതൽ വാർഷിക ബോണസ്സുകൾ എന്നിവയെ അടിസ്ഥാനമാക്കിയാണ് ഈ പ്രതിഫലങ്ങൾ. സേവന നികുതിയും വിദ്യാഭ്യാസ സെസ്സും പുറമേ ബാധകമായ നിരക്കുകളിൽ വസൂലാക്കും.*

## കൂടുതലായി എന്തെല്ലാം സവിശേഷതകളാണ് ഈ പ്ലാൻ നൽകുന്നത് ?

ആരോഗ്യത്തെ സംബന്ധിച്ച ദൗർഭാഗ്യകരമായ അപായ സാദ്ധ്യതകൾക്ക് അല്ലെങ്കിൽ സംഭവങ്ങൾക്ക് എതിരെ നിങ്ങളുടെ കുടുംബത്തിന് സംരക്ഷണം നൽകുന്നതിന് ഈ പ്ലാനിനൊപ്പം നാമമാത്രമായ അധികച്ചെലവിൽ ഞങ്ങൾ താഴെ പറയുന്ന റൈഡറുകൾ ലഭ്യമാക്കുന്നു:

**ക്രിട്ടിക്കൽ ഇൽനസ്സ് റൈഡർ:** ഈ റൈഡർ 9 സുപ്രധാന (ക്രിട്ടിക്കൽ) രോഗങ്ങൾക്കെതിരെ സംരക്ഷണം നൽകുന്നു. അതായത്: മേജർ ഓർഗൻ ട്രാൻസ്പ്ലാന്റ്സ്, കംപ്ലീറ്റ് റീനൽ ഫെയ്‌ലിയർ, സ്ട്രോക്ക്, പരാലിസിസ്, ഹാർട്ട് അറ്റാക്ക്, വാൽവ് റീപ്ലേസ്മെന്റ് സർജറി, അയോർട്ടയുടെ മേജർ സർജറി, സിഎബിജി (ബൈപാസ്സ് സർജറി), കാൻസർ എന്നിവ. ഈ നിർദ്ദിഷ്ട രോഗങ്ങളിൽ ഏതെങ്കിലും നിങ്ങൾക്ക് ഉണ്ടെന്ന് രോഗ നിർണ്ണയം ചെയ്യപ്പെട്ടാൽ, ഈ റൈഡർ പ്രകാരമുള്ള മുഴുവൻ അഷ്വറൻസ് തുകയും നിങ്ങൾക്ക് നൽകും. തുർന്ന് എല്ലാ റൈഡറുകൾക്കുമൊപ്പം ഈ പോളിസി (റൈഡർ അഷ്വറൻസ് തുകയുടെ പരിധിവരെ) അവസാനിപ്പിക്കും. എന്നാൽ അടിസ്ഥാന പോളിസിയുടെ ബാക്കി ഭാഗം കാലയളവിന്റെ അവസാനം വരെ തുടരും. പോളിസിയുടെ ബാക്കി ഭാഗത്തിന് നിങ്ങൾ തുടർന്നും പണമടക്കണം.

**അപകട, അവശത ആനുകൂല്യം:** അപകടം മൂലം മരണം സംഭവിച്ചാൽ ഈ റൈഡർ പ്രകാരം ഉള്ള അധിക അഷ്വറൻസ് തുക നോമിനിക്ക് ലഭിക്കും. പൊതുജനങ്ങൾക്ക് വേണ്ടിയുള്ള ഏതെങ്കിലും ഉപരിതല ഗതാഗത സംവിധാനം വഴി യാത്ര ചെയ്യുമ്പോൾ അപകടമരണം സംഭവിച്ചാൽ ഈ റൈഡർ പ്രകാരം അഷ്വറൻസ് തുകയുടെ ഇരട്ടി ലഭിക്കും. അപകടങ്ങൾ ആളുടെ വരുമാന സമ്പാദന ശേഷിയും തകരാറിലാക്കുന്നു. അങ്ങനെ പൂർണ്ണവും സ്ഥിരവുമായ അവശത സംഭവിക്കുകയാണെങ്കിൽ ഒരോ വർഷവും അഷ്വറൻസ് തുകയുടെ 10% വീതം 10 വർഷത്തേയ്ക്ക് നൽകും. മാത്രമല്ല റൈഡർ സംരക്ഷണത്തിന്റെ തുകയുടെ പരിധിവരെ അടിസ്ഥാന പോളിസിയുടെ പ്രീമിയവും ഒഴിവാക്കി കൊടുക്കും.

**അപകട ആനുകൂല്യ റൈഡർ:** അപകടം മൂലം മരണം സംഭവിച്ചാൽ, ഈ റൈഡർ പ്രകാരം നോമിനിക്ക് അധിക അഷ്വറൻസ് തുക ലഭിക്കും.

*റൈഡറുകളുടെ ഒഴിവാക്കലുകളെ പറ്റി കൂടുതൽ അറിയുന്നതിന്, വിശദമായ റൈഡർ ബ്രോഷ്വർ കാണുക.*

## ഈ പോളിസിയിന്മേൽ വായ്പ ലഭിക്കുമോ ?

ഈ പൊളിസിയിന്മേൽ വായ്പ ലഭിക്കുകയില്ല.

## ബാധകമായ വ്യവസ്ഥകൾ / ഒഴിവാക്കലുകൾ എന്താണ് ?

ആത്മഹത്യ : ഇൻഷ്വർ ചെയ്യപ്പെട്ടിരിക്കുന്ന ആൾ മാനസികമായി ആരോഗ്യമുള്ള ആൾ ആണെങ്കിലും അല്ലെങ്കിലും, ഈ പോളിസിയുടെ തുടക്കത്തിയതി മുതൽ ഒരു വർഷത്തിനുള്ളിൽ, ആത്മഹത്യ ചെയ്യുകയാണെങ്കിൽ ഈ പോളിസി അസാധു ആകുന്നതും പ്രസ്തുത പോളിസി നൽകുവാൻ കമ്പനിയ്ക്ക് ഉണ്ടായ ചെലവുകൾ കുറവ് ചെയ്ത ശേഷം ബാക്കി പ്രീമിയങ്ങൾ തിരികെ നൽകുന്നതുമായിരിക്കും.

*ഈ ലഘുലേഖയിൽ ഉദാഹരിച്ചിട്ടുള്ള ഗ്യാരണ്ടി ചെയ്തിട്ടുള്ള ആനുകൂല്യങ്ങൾ പോളിസി പൂർണ്ണ പ്രാബല്യത്തിൽ ഉണ്ടെങ്കിൽ മാത്രം നൽകുന്നവയാണ്.

കൂടുതൽ വിവരങ്ങൾക്ക് ഈ പ്ലാനിനെ സംബന്ധിച്ച ബ്രോഷർ നോക്കുക അല്ലെങ്കിൽ സന്ദർശിക്കുക. ഞങ്ങളുടെ വെബ്സൈറ്റ് : **www.iciciprulife.com.**

കൂടുതൽ വിവരങ്ങൾക്ക് ദയവായി ബന്ധപ്പെടുക:

ICICI PRUDENTIAL
LIFE INSURANCE

രജി. ഓഫീസ്: ഐസിഐസിഐ പ്രുലൈഫ് ടവർ, 1089, അപ്പാസാഹേബ് മറാത്തെ മാർഗ്ഗ്, പ്രഭാദേവി, മുംബൈ 400 025.

ഇൻഷുറൻസ് ആണ് ഈ അഭ്യർത്ഥനയുടെ വിഷയവസ്തു. ഇൻഷുറൻസ് പോളിസിയിൽ അടങ്ങിയിട്ടുള്ള നിയമങ്ങൾ, വ്യവസ്ഥകൾ, വാറന്റികൾ, ഒഴിവാക്കലുകൾ, എന്നിവയുടെ സൂചനാർത്ഥമാണ് ഈ ഉല്പന്ന ലഘുലേഖ. ഇവിടെ നൽകിയിട്ടുള്ള വിവരങ്ങൾ പോളിസി രേഖയുമായി ഒത്തു വായിക്കേണ്ടതാണ്. അവ തമ്മിൽ എന്തെങ്കിലും വൈരുദ്ധ്യങ്ങൾ ഉണ്ടെങ്കിൽ പോളിസി രേഖയിലെ വ്യവസ്ഥകൾക്കായിരിക്കും പ്രാമാണ്യം. നഷ്ട സാദ്ധ്യതകൾ, നിയമങ്ങൾ, വ്യവസ്ഥകൾ എന്നിവയെപ്പറ്റി കൂടുതൽ വിവരങ്ങൾക്ക് വില്പന പൂർത്തിയാക്കുന്നതിന് മുമ്പ് ദയവായി വില്പന ബ്രോഷ്വർ വായിക്കുക. © 2010, ഐസിഐസിഐ പ്രുഡൻഷ്യൽ ലൈഫ് ഇൻഷുറൻസ് കമ്പനി ലിമിറ്റഡ്, Reg No.: - 105. ICICI Pru CashBak : Form No. - A01, A02. UIN - 105N005V02; ADBR: 105B001V01; ABR: 105B012V01. CIR: 105B002V01. Advt No.: L/II/274/2011-12. Malayalam